# ഉയിർപ്പുക്കാലം

## വചന വിചിന്തനം

### അഞ്ചാം ഞായർ

യോഹ 21,1-14

“അ
ക്ഷരങ്ങൾക്കുള്ളിൽ
ൽഭുതങ്ങൾ
ടക്കിവച്ചവൻ
രുൾ ചെയ്യുന്നത്
നുസരിച്ചപ്പോൾ
ൽഭുതങ്ങൾ
രങ്ങേറുന്നു!”

“ഞാൻ മീൻ പിടിക്കാൻ പോവുകയാണ്” (21,3). ഉത്ഥിതനായ ഈശോ വീണ്ടും വീണ്ടും താൻ ഏറ്റവും കൂടുതൽ സ്നേഹിച്ച ശിഷ്യൻമാർക്ക് മുമ്പിൽ പ്രത്യക്ഷപ്പെട്ടിട്ടും, തന്റെ തകർക്കപ്പെട്ട കരങ്ങളും തുളയ്ക്കപ്പെട്ട പാർശ്വവും കാണിച്ചു കൊടുത്തിട്ടും ശിഷ്യൻമാർക്ക് താത്പര്യം തങ്ങളുടെ പഴയ പണി തന്നെ! അതും, മീൻ പിടിക്കാൻ നേതൃത്വം നൽകുന്നതോ, “പത്രോസെ, നീ പാറയാകുന്നു. ആ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും” എന്ന വാഗ്ദാനം സ്വന്തമാക്കിയ പത്രോസും. ചിലപ്പോൾ തോന്നാറുണ്ട്, “കുടുംബം മുടിക്കാൻ കോടാലിക്കൈ” എന്നു പറയുന്നതുപോലെയാണ് പത്രോസിന്റെ പെരുമാറ്റം. കാരണം, ഗുരുവിന്റെ മരണം ശിഷ്യരെ ചിതറിക്കുന്നുണ്ട്. പക്ഷെ, ഉയർത്തെഴുന്നേറ്റ മിശിഹ ചിതറിപ്പോയ ശിഷ്യഗണത്തെ വീണ്ടും ഒന്നിച്ചു കൂട്ടുന്നു. വീണ്ടും ഒന്നിച്ചുകൂട്ടിയ ശിഷ്യ ഗണത്തെയാണ് “ഞാൻ മീൻ പിടിക്കാൻ പോവുകയാണ്” (21,3) എന്നുള്ള പ്രസ്ഥാവനയിലൂടെ പത്രോാസാണ് ചിതറിച്ച് കളയുന്നത്.

“വന്ന് പ്രാതൽ കഴിക്കുവിൻ” (21,12). ഒന്നിച്ച് ഭക്ഷിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുന്ന ഇടങ്ങളിൽ ദൈവികസാന്നിദ്ധ്യമുണ്ട്. ഒന്നിച്ചിരിക്കുന്നതും പങ്കുവയ്ക്കുന്നതു അപ്പം ഭക്ഷിക്കുന്നതും ദൈവത്തെ കാണാനുള്ള സൂത്രവാക്യമാണ്!

ഉയർത്തെഴുന്നേറ്റ മിശിഹാ തിബേരിയാസ് കടൽത്തീരത്ത് വച്ച് തന്റെ ശിഷ്യഗണത്തിന് പ്രത്യക്ഷപ്പെടുന്നതിന് മുമ്പ് നാല് പ്രാവശ്യം വിവിധ ഇടങ്ങളിലും സാഹചര്യങ്ങളിലുമായി പ്രത്യക്ഷപ്പെടുന്നുണ്ട്. തന്റെ ആണി തറച്ച കൈകളും കാലുകളും കുന്തത്താൽ തുളയ്ക്കപ്പെട്ട പാർശ്വവും കാണിച്ചുകൊടുക്കുന്നുണ്ട്. “എന്റെ കർത്താവേ, എന്റെ ദൈവമേ!” (20,28) എന്നുള്ള തോമായുടെ വിശ്വാസ പ്രഖ്യാപനവും, “കാണാതെ തന്നെ വിശ്വസിക്കുന്നവർ ഭാഗ്യവാൻമാർ” (20,29) എന്നുള്ള കർത്താവിന്റെ ഓർമ്മപ്പെടുത്തലും തിബേരിയാസ് കടൽ തീരത്തേയ്ക്ക് ശിഷ്യൻമാർ ഇടറിപോകുന്നതിന് തൊട്ടു മുമ്പാണ് സംഭവിക്കുന്നത്. “ധനവാന്റെയും ലാസറിന്റെയും” ഉപമയിൽ ലാസറിനെ മടിയിലിരുത്തിയിരിക്കുന്ന കർത്താവിനോട് ധനവാൻ പറയുന്നത് ഇത്രമാത്രമാണ്. ‘ലാസറിനെ ഭൂമിയിലേയ്ക്ക് അയച്ച് എന്റെ സഹോദരൻമാർക്ക് താക്കീത് നൽകണം. കാരണം, മരിച്ചവരിൽ നിന്ന് ഒരാൾ ചെന്ന് അവരുടെ അടുത്ത് പറഞ്ഞാൻ അവർ വിശ്വസിക്കുമെന്ന്’ (ലൂക്കാ 16,28). നരകത്തിൽ കിടക്കുന്ന ധനവാന് പോലും ഉറപ്പാണ്, ‘മരിച്ചവരിൽ നിന്നുള്ള ഒരാളുടെ സാക്ഷ്യം ദൈവീക കൃപകൊണ്ടാണെന്ന്!’ എന്നിട്ടും, ശിഷ്യൻമാർക്ക് മാത്രം വിശ്വസിക്കാൻ സാധിച്ചില്ല. അവർ മാത്രം ഇടറിപ്പോയി!

മൂന്ന് വർഷം കർത്താവിനോട് കൂടി ഉണ്ട്, ഉറങ്ങി, കൂട്ടുകൂടി, അവന്റെ പാദാന്തികത്തിലിരുന്ന് വചനം ശ്രവിച്ച് അൽഭുതങ്ങൾക്ക് സാക്ഷിയായ പത്രോസ് പറയുകയാണ് “ഞാൻ മീൻ പിടിക്കാൻ പോവുകയാണ്.” ഇത് കേട്ട മറ്റു ശിഷ്യൻമാരും പറഞ്ഞു “ഞങ്ങളും നിന്നോട് കൂടെ വരുന്നു” (21,3). എന്തുകൊണ്ടും പത്രോസ് നേതാവാകാൻ പറ്റിയവനാണ്. കാരണം, അവൻ ആധികാരികമായും അസന്നിഗ്ധമായും ഒരു പ്രസ്ഥാവന നടത്തുമ്പോൾ കൂടെ കൂടാൻ ഒരുപാട് പേരുണ്ട്. പക്ഷെ, പത്രോസിന്റെ ഇടർച്ച

യുടെ 'ക്ലൈമാക്സ്' ഒരു സമൂഹത്തിന്റെ ഇടർച്ചയായ് മാറുന്നു. കവിശകലം ഓർമ്മപ്പെടുത്തുന്നു;

"മുമ്പേ ഗമിക്കും ബഹുഗോവുതന്റെ
പിമ്പേ ഗമിക്കും ബഹു ഗോക്കളെല്ലാം!"

മുമ്പേ നടക്കുന്ന നേതാവിന്റെ കാലടികളെ പിഞ്ചെല്ലുന്നവരാണ് പിമ്പേ നടക്കുന്ന അനുയായികൾ. നേതാവിന്റെ പാദങ്ങൾ ഇടറിപ്പോയാൽ, ഉറപ്പാണ്, അനുയായികളുടെയും പാദങ്ങൾ ഇടറും. കാരണം, പഴഞ്ചൊല്ലിൽ പതിരില്ല എന്നല്ലേ പറയാറ്. "ആശാന് ഒന്നു പിഴച്ചാൽ ശിഷ്യന് അമ്പത്തിയൊന്ന് പിഴയ്ക്കും!" അതുകൊണ്ട് തന്നെ നേതാവായ പത്രോസിന്റെ ഇടർച്ച ശിഷ്യഗണത്തിന്റെ മുഴുവൻ ഇടർച്ചയായി മാറ്റപ്പെടുന്നു.

ഒന്ന് ഇരുത്തി ചിന്തിച്ചാൽ പത്രോസിനുണ്ടായ പ്രലോഭനം പത്രോസിന്റെ മാത്രം പ്രലോഭനമല്ല. മറിച്ച്, നമ്മളുടേതുകൂടിയാണ്. മൂന്ന് വർഷക്കാലം കർത്താവിനോട് കൂറ് പ്രഖ്യാപിച്ച് കർത്താവിന്റെ ഊണിലും ഉറക്കത്തിലും കൂട്ടിരുന്നവൻ പറയുകയാണ്, "ഞാൻ മീൻ പിടിക്കാൻ പോവുകയാണ്." ചുരുക്കത്തിൽ, ഇനി കർത്താവിനെ എനിക്ക് വേണ്ടാ. ഞാൻ ഈ ലോകത്തിന്റെ കൂടെ സഞ്ചരിച്ചേക്കാം. എനിക്ക് എന്റെ പഴയ ജോലി, മീൻ പിടുത്തവും കടലിൽ തിരയെണ്ണലും മതി! മൂന്ന് വർഷക്കാലം എന്തൊരു തീഷ്ണതയായിരുന്നു പത്രോസിന്. അതെല്ലാം ഒരു നിമിഷം കൊണ്ട് പത്രോസ് ഉപേക്ഷിച്ചു. ഏതാണ്ട് പാറപുറത്ത് വീണ വിത്തിനെപ്പോലെ. പെട്ടന്ന് മുളച്ചു പൊന്തി. പക്ഷെ, മണ്ണ് അധികമില്ലാതതിനാൽ വെയിലേറ്റപ്പോൾ വാടിപോയത് പോലെ.

"ഇത്ര അധികം ഉണ്ടായിട്ടും വല കീറിയില്ല!" (2,11). ഇത് സഭയുടെ ഐക്യത്തെയും ദൃഢതയെയും നിലനിൽപ്പിനെയും സൂചിപ്പിക്കുന്നു...

പത്രോസിനുണ്ടായ പ്രലോഭനം, ഒരർത്ഥത്തിൽ, കർത്താവിനോട് ചേർന്ന് നിൽക്കുന്നവർക്കുണ്ടാകുന്ന പ്രലോഭനങ്ങളിൽ ഒന്നാണ്. കുദാശകളിലൂടെയും കുദാശാനുകരണങ്ങളിലൂടെയും കർത്താവിനോട് ചേർന്ന് നിൽക്കുന്നവർക്ക് ഉണ്ടാകുന്ന പ്രലോഭനം. കർത്താവിനോട് അടുക്കുന്നതിന് മുമ്പ് ഈ ലോകത്തെ അനുഭവിച്ചതുപോലെ ഇനിയും അനുഭവിക്കാനും സുഖിക്കാനുമുള്ള പ്രലോഭനം. പഴയതുപോലെ ഇനിയും കുരുത്തക്കേടുകളും തല്ലുകൊള്ളിതരവും കാണിച്ച് ജീവിക്കാനുള്ള പ്രലോഭനം.

ഇവിടെ, പത്രോസ് പോകുന്നത് ഒറ്റയ്ക്കല്ല. കൂട്ടുക്കാരെയും കൂട്ടികൊണ്ടാണ്. വിശുദ്ധിയുടെ വഴിയിൽ നിന്ന് വഴിതെറ്റി നടക്കുന്ന ഒരുത്തൻ മതി മറ്റുള്ളവരെ കൂടി വഴി തെറ്റിക്കാൻ. പൗലോസ് ശ്ലീഹ ഓർമ്മപ്പെടുത്തുന്നു, "നിൽക്കുന്നു എന്നു കരുതുന്നവൻ വീഴാതിരിക്കാൻ മുറുക്കെ പിടിക്കട്ടെ" (1കോറി 10,12). ഗുരുവിനാൽ വിളിക്കപ്പെട്ടിട്ടുള്ള ക്രിസ്തു ശിഷ്യരുടെ ജീവിതനിയോഗം പഴയ പണിയിലേയ്ക്കോ പഴയ ജീവിതചര്യകളിലേയ്ക്കോ തിരിച്ചു പോകാനുള്ളതല്ല. മറിച്ച്, മാറ്റത്തിനുള്ള കാഹളമാണ്. വിശുദ്ധ അഗസ്തിനോസിന് മുമ്പിൽ 'തുറന്ന് വായിക്കുക' എന്നുള്ള ദൈവവചനത്തിന്റെ കാഹളം മുഴങ്ങിയപ്പോൾ അത് അവനിൽ മാറ്റത്തിനുള്ള യുദ്ധഭേരി മുഴക്കി. ലോകത്തിന്റെ വഴികൾ സുന്ദരവും മനോഹരവുമായി തോന്നാം. പക്ഷെ, ലോകം സമ്മാനിക്കുന്ന സന്തോഷം ശാശ്വതമല്ലാ എന്ന് തിരിച്ചറിയാൻ പഠിക്കണം.

ക്രിസ്തു തിരഞ്ഞെടുത്ത ശിഷ്യൻമാർ ഒരിക്കലും മണ്ടൻമാരായിരുന്നില്ല. ഒരു പക്ഷെ, ബിരുദ്ധങ്ങളും ബിരുദാനന്തര ബിരുദ്ധങ്ങളും അവർക്കുണ്ടായിരിക്കില്ല. പക്ഷെ, ആയിരിക്കുന്ന മേഖലകളിൽ ഏറെ അറിവും വിജ്ഞാനവും പ്രാവണ്യവും കരസ്ഥമാക്കിയവരായിരുന്നു അവർ. പ്രത്യേകിച്ച്, അവരുടെ കുലതൊഴിലായ മീൻ പിടുത്തത്തിൽ. കടലിന്റെ അലയടികൾക്കനുസരിച്ച് എവിടെയെല്ലാം മത്സ്യങ്ങളുടെ ചാകര കർത്താവ് കാത്തുവച്ചിട്ടുണ്ടെന്ന് തിരിച്ചറിയാൻ പാകത്തിന് കുശാഗ്രബുദ്ധിക്കാരായിരുന്നു കർത്താവ് തിരഞ്ഞെടുത്ത ശിഷ്യൻമാർ. കടലിന്റെ ഭാവവ്യത്യാസങ്ങൾ ആരെക്കാളും നന്നായി തിരിച്ചറിയാനും മനസിലാക്കാനുമുള്ള ത്രാണി സ്വന്തമാക്കിയവരായിരുന്നു ഈശോയുടെ ശിഷ്യൻമാർ. അതുകൊണ്ടാണ്, വഞ്ചിയുടെ അമരത്ത് ഗുരു തല ചായ്ച്ചുറങ്ങുമ്പോൾ, കടലിലെ ഭാവവ്യത്യാസങ്ങൾ മനസിലാക്കി വലിയ കൊടുങ്കാറ്റുണ്ടാകുന്നു,

തങ്ങൾ നശിച്ചുപോകുന്നു എന്നുള്ള അങ്കലാപ്പിൽ, ശിഷ്യൻമാർ ഉണർത്തുന്നതും സഹായം യാജിക്കുന്നതും. എന്നിട്ടും, ഒരു രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും അവർക്ക് ഒരു പൊടിമീൻ പോലും ലഭിച്ചില്ല!

കർത്താവിനെ കൂടാതെയുള്ള എല്ലാ അദ്ധ്വാനത്തിന്റെയും പരിസമാപ്തി ഇതു തന്നെയാണ്. മനുഷ്യന്റെ ശക്തിക്കും കഴിവിനും കാഴ്ച്ചപ്പാടിനും പരിമിതിയുണ്ടെന്നും ദൈവത്തിന്റെ സാന്നിദ്ധ്യവും കൃപയുമില്ലാത്ത എല്ലാ അദ്ധ്വാനങ്ങളും വ്യർത്ഥമാണെന്നും പാഴ്‌വേലയാണെന്നും സൂചിപ്പിക്കാൻ ഇതിനേക്കാൾ നല്ല വചന ഭാഗമില്ല. അതുകൊണ്ട് തന്നെയാണ് മരണത്തോട് മല്ലടിക്കുന്ന രോഗിയെ പരിചരിച്ച് പുറത്തേയ്ക്കിറങ്ങുന്ന ഡോക്ടറുടെ അടുത്ത് എങ്ങനെയുണ്ട് എന്ന് ചോദിക്കുമ്പോൾ ഡോക്ടർ പറയുന്നത്, "ഞങ്ങൾക്ക് ചെയ്യാനുള്ളതെല്ലാം ചെയ്തിട്ടുണ്ട്. ഇനി എല്ലാം ദൈവത്തിന്റെ കൈയിലാണ്. നന്നായി പ്രാർത്ഥിക്ക്" എന്ന്. ദൈവം കൂടെയില്ലാത്ത എല്ലാ അദ്ധ്വാനങ്ങളും വ്യാർത്ഥമാണ്. ഒരായുസ് മുഴുവൻ അദ്ധ്വാനിച്ചാലും കർത്താവ് കൂടെയില്ലെങ്കിൽ അദ്ധ്വാനത്തിന്റെ ഫലമുണ്ണാൻ ഭാഗ്യമുണ്ടാകില്ല. ഇത് ഇന്നിന്റെ ലോകത്ത് ഒത്തിരിയേറെ പ്രസക്തമാണ്. പണമുണ്ടാക്കാൻ, സാമ്പത്തിക സുസ്തിതി ഉണ്ടാക്കാൻ, സമൂഹത്തിൽ ബന്ധങ്ങളും സ്ഥാനമാനങ്ങളും സ്വന്തമാക്കാൻ വ്യക്തികൾ നെട്ടോട്ടമോടുകയാണ്. ദൈവത്തെയോ ദൈവത്തിന്റെ വചനം കേൾക്കാനോ നേരമില്ല. പക്ഷെ, പരണിത ഫലമോ? സ്വന്തമാക്കിയ സ്ഥാനമാനങ്ങളും കഷ്ടപ്പെട്ടുണ്ടാക്കിയ സമ്പത്തും അനുഭവിക്കാൻ യോഗമില്ലാതായി തീരുന്നു.

*അൽഭുതങ്ങൾ ശിഷ്യരുടെ കണ്ണ് മഞ്ഞളിപ്പിച്ചപ്പോൾ അൽഭുതങ്ങൾക്കു പുറകിലെ ദൈവിക ശക്തി തിരിച്ചറിഞ്ഞത് യോഹന്നാൻ മാത്രമാണ്... പ്രഘോഷിച്ചതും അവൻ മാത്രമാണ്!*

ഒരിക്കൽ ദലൈലാമ പറഞ്ഞത് എത്രയോ സത്യം! "മനുഷ്യൻ പണം ഉണ്ടാക്കാൻ ആരോഗ്യം ത്യജിക്കുന്നു. തുടർന്ന് ആരോഗ്യം വീണ്ടെടുക്കാനായി പണം ത്യജിക്കുന്നു. ഭാവിയെകുറിച്ചുള്ള  കുറിച്ചുള്ള ആശങ്കമൂലം ഇന്നത്തെ ജീവിതം ആസ്വദിക്കുന്നില്ല. ഒരിക്കലും മരിക്കില്ല എന്നു വിചാരിച്ചു ജീവിക്കുന്നു. എന്നിട്ട്, ഒരിക്കലും ജീവിക്കാതെ മരിച്ചു പോകുന്നു.

തന്നെ കൂടാതെ കടലിൽ ചാകര അന്വേഷിച്ചു പോയ ശിഷ്യരെയും കാത്ത് കർത്താവ് ഉഷസായപ്പോൾ തിബേരിയാസിന്റെ തീരത്ത് വന്ന് നിന്നു. വട്ടപൂജ്യവുമായി കടന്നു വരുന്ന ശിഷ്യരുടെ അടുത്ത് ഗുരു ചോദിച്ചത് ഒന്നുമാത്രം; "മക്കളേ, നിങ്ങളുടെ അടുക്കൾ മീൻ വല്ലതുമുണ്ടോ?" കുനിഞ്ഞ ശിരസുമായ് നിൽക്കുന്ന ശിഷ്യരുടെ അടുത്ത് ഗുരു പറയുകയാണ്; "വള്ളത്തിന്റെ വലതു വശത്ത് വലയിടുക" (21,6). ചാകര തൊട്ടു മുമ്പിലുണ്ടായിട്ടും തിരിച്ചറിയാൻ സാധിക്കാതിരുന്ന ശിഷ്യർ ഗുരുവിന്റെ വാക്കു കേട്ട് വലയിറക്കി. വിശ്വാസത്താൽ വലയിറക്കിയവർക്ക് ഗുരു സമ്മാനിച്ചത് ഇന്നോളം അവർ കാണാത്ത ചാകര!

ഗുരുവിന്റെ വാക്കു കേൾക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്ത ആരുടെയും ജീവിതം പാഴായി പോയിട്ടില്ല. സമ്പത്തിന്റെ നടുവിൽ നിൽക്കുമ്പോഴാണ് അബ്രാഹത്തെ ദൈവം വിളിക്കുന്നതും എല്ലാ ഉപേക്ഷിക്കാൻ പറയുന്നതും. അവൻ എല്ലാ ഉപേക്ഷിച്ച് ദൈവത്തിന്റെ സ്വരം ശ്രവിച്ച് ഗുരുവിനെ അനുഗമിച്ചപ്പോൾ വിശ്വാസികളുടെ പിതാവായി. പൂർവ്വപിതാവായ ജോസഫ് ദൈവത്തിന്റെ അരുളപ്പാടുകൾ സ്വപ്നങ്ങളിൽ നിന്ന് തിരിച്ചറിയുകയും അതസുസരിച്ച് ജീവിതത്തെ വ്യാഖ്യാനിക്കുകയും ചെയ്തപ്പോൾ ജനതകളുടെ പിതാവായി. അവതരിച്ച ദൈവത്തിന്റെ വചനത്തിന് മുമ്പിൽ "നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ" (ലൂക്കാ 1,38) എന്നു പറഞ്ഞ് ശിരസ് കുനിച്ചപ്പോൾ മറിയം വിശ്വാസികളുടെ മാതാവായി. ചുരക്കത്തിൽ, ജീവിതത്തെ സമൃദ്ധിയുടെ വിളനിലമാക്കാൻ ചെയ്യേണ്ടത് കർത്താവിന്റെ സ്വരം തിരിച്ചറിയുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക എന്നതു മാത്രമാണ്.

***"എന്നെ ശക്തനാക്കുന്നവനിലൂടെ എനിക്ക് എല്ലാം ചെയ്യാൻ സാധിക്കും."***

**ഫിലി 4,13**

ഫാ. ജോബി മെനോത്ത് : +91 944 7777 931